"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം -ഡോ.ആശ കെ. സദാശിവൻ, ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1982/2024-മേലുള്ള 26.12.2024-ലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.579/2025/H&FWD തീയതി,തിരുവനന്തപുരം, 27-02-2025

---

പരാമർശം:-

1. ഡോ.ആശ കെ. സദാശിവൻ, ജൂനിയർ കൺസൾട്ടന്റ് (അനസ്തീഷ്യ) ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 03.12.2024 തീയതിയായ അപേക്ഷ - Annexure A5.
2. OA 1982/2024-മേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.12.2024-ലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.02.2025-ലെ ഇബി 2-2846/2025/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

നിലവിൽ കോട്ടയം ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന അനസ്തീഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ആശ കെ. സദാശിവൻ, മകൻ ഓട്ടിസ ബാധിതനായതിനാൽ, 24 മണിക്കൂർ കാൾ ഡ്യൂട്ടിയിൽ നിന്നും ടിയാളെ ഒഴിവാക്കുന്നതിനായി ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1982/2024-മേലുള്ള പരാമർശം (2) ഉത്തരവിൽ പരാമർശം (1) അപേക്ഷയിലെ ആവലാതികൾ പരിശോധിച്ച്, ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ 1-ാാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരേയ്ക്ക് അപേക്ഷക കാൾ ഡ്യൂട്ടി ചെയ്യണമെന്ന സൂപ്രണ്ടിന്റെ നിർദ്ദേശം ഒഴിവാക്കിക്കൊണ്ടും ട്രൈബ്യൂണൽ ഉത്തരവ് നൽകിയിരുന്നു.

2) മേൽ വിഷയം സംബന്ധിച്ച് പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കോട്ടയം ജനറൽ ആശുപത്രിയിലെ ശസ്ത്രക്രിയകളുടെ സുഗമമായ പ്രവർത്തനത്തിന് അനസ്തേഷ്യ

ഡോക്ടർമാർ കോൾ ഡ്യൂട്ടി അറ്റൻഡ് ചെയ്യണമെന്ന് നിർദ്ദേശിച്ചു കൊണ്ട് പ്രസ്തുത സ്ഥാപനത്തിലെ സൂപ്രണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്ഥാപനത്തിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ആശ.കെ സദാശിവന്റെ പതിനൊന്ന് വയസുള്ള മകന് Autism Spectrum Disorder with 70% disability ഉള്ളതു കൊണ്ട് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ഉത്തരവുകളുടെയും മറ്റും അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിൽ ഇളവ് ലഭിക്കണമെന്നാവശ്യപ്പെട്ടുകാണ്ട് ഡോ.ആശ.കെ. സദാശിവൻ കോട്ടയം ജനറലാശുപത്രിയിലെ സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതിന് ഉപോൽബലകമായി സാമൂഹ്യനീതിവകുപ്പിന്റെ G.O(MS) No.2/2023/SJD തീയതി 11/05/2023 പ്രകാരമുള്ള ഉത്തരവും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/11/2022 ന്റെ ഉത്തരവും സമർപ്പിച്ചു. മേൽ ഉത്തരവുകൾ പരിശോധിച്ചതു പ്രകാരം ഡോ.ആശ.കെ സദാശിവന് കോൾ ഡ്യൂട്ടിയിൽ ഇളവ് ലഭിക്കാൻ അർഹതയില്ലെന്ന് ആശുപത്രി സൂപ്രണ്ടിന് നിയമോപദേശം ലഭിച്ചതിനാൽ ഈ വിഷയത്തിൽ, ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആശ.കെ സദാശിവൻ സമർപ്പിച്ച അപേക്ഷ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകുകയും, ഡോ.ആശ.കെ. സദാശിവൻ കാൾ ഡ്യൂട്ടി എടുത്തിട്ടില്ലെങ്കിൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടും എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.

കോട്ടയം ജനറൽ ആശുപത്രിയിൽ അനസ്തേഷ്യ വിഭാഗത്തിൽ കൺസൾട്ടന്റ് തസ്തികയിൽ ഒരു ഡോക്ടറും ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ 2 ഡോക്ടറും എൻ.എച്ച്.എം നിയമനത്തിൽ ഒരു ഡോക്ടറും ജോലി ചെയ്യുന്നതായും, ടി ഡോക്ടർമാർക്ക് നിർദ്ദേശിച്ചിരിക്കുന്ന കോൾ ഡ്യൂട്ടിയിൽ ഡോ.ആശ.കെ. സദാശിവൻ, ജൂനിയർ കൺസൾട്ടന്റിന് മൂന്നു ദിവസം കൂടുമ്പോൾ ഒരു ഡ്യൂട്ടി എന്ന രീതിയിലും മറ്റ് ഡോക്ടർമാർക്ക് ഒരാഴ്ച തുടർച്ചയായും എന്ന രീതിയിലാണ് ഡ്യൂട്ടി ക്രമം നിശ്ചയിച്ചിരുന്നതെങ്കിലും ഡോ.ആശ.കെ. സദാശിവൻ ഡ്യൂട്ടിക്ക് ഹാജരാകാറില്ലാത്തതിനാൽ മറ്റ് മൂന്ന് ഡോക്ടർമാരുമാണ് ടിയാളുടെ ഡ്യൂട്ടിയും അറ്റൻഡ് ചെയ്യാറുള്ളതെന്നും, എൻ.എച്ച്.എം നിയമനം ലഭിച്ചിരിക്കുന്ന ഡോക്ടറെ കോൾ ഡ്യൂട്ടി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയാൾ ജൂനിയർ ഡോക്ടർ ആയതിനാൽ മറ്റ് ഡോക്ടർമാരുടെ സഹായത്തോടെയാണ് ഡ്യൂട്ടി ചെയ്യുന്നതെന്നും, കൺസൾട്ടന്റ് തസ്തികയിൽ ജോലിചെയുന്ന ഡോ.മിനി ജയകുമാർ 2025 ഏപ്രിൽ മാസത്തിൽ വിരമിക്കുന്ന വ്യക്തിയാണെങ്കിലും ടിയാളെപോലും കോൾ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലെന്നും, ഈ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ ഡോ.ആശ.കെ സദാശിവനെ കോൾ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട്

ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആശുപത്രിയിലെ ഉദ്യോഗസ്ഥരുടെ ജോലിക്രമീകരണം ശരിയായ രീതിയിൽ നടത്തി ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന സാധാരണക്കാരായ രോഗികൾക്ക് നല്ല രീതിയിൽ ചികിത്സ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട ബാധ്യത ആശുപത്രി സൂപ്രണ്ടിനാണ്. ഡോ.ആശ.കെ. സദാശിവൻ കാൾ ഡ്യൂട്ടി എടുത്തിട്ടില്ലെങ്കിൽ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനം തടസ്സപ്പെടും എന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഓട്ടിസം മുതലായ അവസ്ഥകളിൽ 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാരിൽ ഒരാൾക്ക്, ജോലി സമയത്തിൽ സർക്കാർ ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾക്കു പുറമെ ഒരുമാസം ആകെയുള്ള ജോലിസമയത്തിൽ പരമാവധി 16 മണിക്കൂർ കൂടി ഇളവ് അനുവദിച്ചിട്ടുള്ളതും, കൂടാതെ, ഈ ജീവനക്കാർക്ക് വർഷത്തിൽ 15 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ചിട്ടുള്ളതുമാണ്. ഈ ആനുകൂല്യങ്ങൾക്ക് പുറമെ ആശുപത്രിയിലെ മറ്റ് ഡോക്ടർമാർക്ക് ഒരാഴ്ച തുടർച്ചയായി കാൾ ഡ്യൂട്ടി ചുമതലപ്പെടുത്തുമ്പോൾ, ഡോ.ആശ കെ. സദാശിവന് മൂന്നു ദിവസം കൂടുമ്പോൾ ഒരു ഡ്യൂട്ടി എന്ന ക്രമത്തിലാണ് കാൾ ഡ്യൂട്ടി ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ടി മെഡിക്കൽ ഓഫീസർ കാൾ ഡ്യൂട്ടി അറ്റൻഡ് ചെയ്യാതിരിക്കുന്നതിനാൽ മറ്റ് മൂന്നു ഡോക്ടർമാരും കൂടി ചേർന്നാണ് ടിയാളുടെ ഡ്യൂട്ടിയും അറ്റൻഡ് ചെയ്യുന്നത് എന്നതിനാലും, ആവശ്യത്തിന് ഡോക്ടർമാർ ഉള്ളപക്ഷം 55 വയസ്സ് പൂർത്തിയായ ഡോക്ടർമാരെ കോൾ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കാവുന്നതാണ് എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ രണ്ട് മാസത്തിനുള്ളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ടി ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്കു പോലും, ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി കാൾ ഡ്യൂട്ടി ചുമതലപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, കോൾ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കണമെന്ന ഡോ.ആശ കെ. സദാശിവന്റെ പരാമർശം (1) അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

4) OA 1982/2024-മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം.

Dr.Asha K Sadasivan, Junior Consultant (Anaesthesiology), Saketham, House No.1, Skyline, Palm Medows Villa, Muttambalam P.O., Kottayam - 686 004.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Anupama G Nair
Date: 27-02-2025 13:08:38

ഇമേലെഴുത്ത് നം.ഇബി2-2846/2025, ആവഡ, തിയതി:27/02/2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർ